പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1387. 08/02/2013 -ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിലെ കുടിശ്ശിക കേസ്സുകൾ

ചോദ്യം
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.എം.എ.വാഹീദ്

എ) രജിസ്ട്രേഷൻ വകുപ്പിൽ കുടിശ്ശികയായി കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്ന പദ്ധതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

ഉത്തരം
ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) 1959-ലെ കേരള മുദ്രപ്പത്രനിയമത്തിലെ 9 (1) (സി) വകുപ്പിന്റെ അടിസ്ഥാനത്തിൽ, ടി നിയമത്തിലെ 45 ബി വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച അണ്ടർവാല്യൂവേഷൻ കേസ്സുകളിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി, പൊതുതാല്പര്യാർത്ഥം, മുദ്രവില/ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവ് നൽകിക്കൊണ്ട്, 25/8/2012-ലെ (പി)151/2012/നി.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി നിലവിൽ വന്നിട്ടുണ്ട്. ടി പദ്ധതിയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഭൂമിയുടെ സ്ഥാനമനുസരിച്ചുള്ള സ്റ്റാമ്പ് ഡ്യൂട്ടി | | | | |
|---|---|---|---|---|
| നം | വിസ്തൃതി | കോർപ്പറേഷൻ | മുനിസിപ്പാലിറ്റി | പഞ്ചായത്ത് |
| 1 | 5 സെന്റ് വരെ യുള്ള കൈമാറ്റങ്ങൾ | 2000 രൂപ | 1000 രൂപ | മൊത്തമായും ഒഴിവാക്കിയിരിക്കുന്നു. |
| 2 | 5 സെന്റിനു മുകളിൽ 10 സെന്റു വരെ | 5000 രൂപ | 3000 രൂപ | 1000 രൂപ |
| 3 | 10 സെന്റിനു മുകളിൽ 50 സെന്റു വരെ | 10000 രൂപ | 5000 രൂപ | 2000 രൂപ |

| | | | | |
|---|---|---|---|---|
| 4 | 50 സെന്റിനു മുകളിൽ | നേരത്തെ അടച്ച മുദ്രവിലയുടെ 6%, അല്ലെങ്കിൽ 12,000/- രൂപ, ഏതാണോ കൂടുതൽ അത്. | നേരത്തേ അടച്ച മുദ്രവിലയുടെ 4%,അല്ലെങ്കിൽ 7,000/- രൂപ, ഏതാണോ കൂടുതൽ അത്. | നേരത്തേ അടച്ച മുദ്രവിലയുടെ 2%, അല്ലെങ്കിൽ 3,000/- രൂപ, ഏതാണോ കൂടുതൽ അത്. |

മേൽ പ്രസ്താവിച്ച നിരക്കിൽ കുറവുമുദ്രവില അടയ്ക്കാവുന്നതാണ്. കുറവു രജിസ്ട്രേഷൻ ഫീസ് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ ;

ബി) വർഷങ്ങളായി തീർപ്പാകാതെ കിടക്കുന്ന കുടിശ്ശിക അണ്ടർവാല്യുവേഷൻ കേസുകൾ സത്വരമായി തീർപ്പാക്കി സർക്കാരിലേക്ക് ലഭിക്കാനുള്ള റവന്യൂ വരുമാനം സമാഹരിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

സി) ഏതെല്ലാം കേസുകളാണ് പദ്ധതിയനുസരിച്ച് തീർപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

സി) 1986 മുതൽ 2012 മാർച്ച് 31 വരെ കുടിശ്ശിക ആയിട്ടുള്ള, റവന്യൂ റിക്കവറിക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ ഉൾപ്പെടെയുള്ള അണ്ടർ വാല്വേഷൻ കേസുകൾ.

ഡി) പദ്ധതിയുടെ കാലാവധി എന്നു വരെയാണ്; കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഡി) 31/12/2012-ലെ ജി.ഒ.(പി) 271/2012/റ്റിഡി. നമ്പർ ഉത്തരവ് പ്രകാരം, പദ്ധതിയുടെ കാലാവധി 2013 മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇനിയും കാലാവധി ദീർഘിപ്പിക്കുന്ന കാര്യം, ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ